# കണ്ണുകൾ

ഇന്നലെയുടെ രാഗ–
സുന്ദരമാകും ചുരുൾ
പിന്നിയ മുടിക്കെട്ടി–
ലെൻ വിരലോടിക്കുമ്പോൾ



പാതികൂമ്പിയ നീണ്ട
കൺകളിൽ വിഷാദത്തിൻ
നേരിയ നിഴൽ വീശി
നീ വന്നു കഴിഞ്ഞല്ലോ.

പൊള്ളുമീച്ചൂടേറ്റെന്റെ
ജീവിതം ദഹിക്കുന്നി–
തെൻ കരൾത്തുമ്പിൽ ചോര–
ത്തുള്ളികൾ പൊടിയുന്നു.

എന്തൊരു ദാഹം! കണ്ണി–
ലിരുളാണൊരു തുള്ളി
വെള്ളവുമില്ലാതെന്റെ
നാവിതാ കുഴയുന്നു.

ഇല്ലൊരു വെളിച്ചത്തിൻ
കിരണം പോലും, ദൂരെ
മങ്ങിയ നിലാവിന്റെ
കീറുമീയിരുളികൽ.

കാലത്തിൻ ചില്ലത്തുമ്പു
പൊഴിക്കും വാടിപ്പോയ
താരിതളുകൾ ചേർത്തു
മാല ഞാൻ കൊരുക്കട്ടെ.

ലജ്ജയും പ്രേമോജ്ജ്വല
ഭാവവും പരിവേഷ–
മിട്ടൊരു നവോഢ തൻ
പൂകവിൾത്തുടുപ്പുകൾ

കാണുകില്ലതു മാഞ്ഞു –
മാഞ്ഞിതെൻ കണ്ണീരിൻെറ
നേരിയ നനവാണി –
ന്നവയിൽ തിളങ്ങുന്നു.

✸

എരിയും പകലിൻെറ
ചിതയും നോക്കിക്കടൽ –
ക്കരയിൽ ചിന്താമൂക –
യായിരിക്കുന്നു സന്ധ്യ.

അയലത്തെൻ വീട്ടിലാ –
പ്പടിവാതിലിൽ, ദൂര
ചക്രവാളത്തിൽ തൻെറ
മിഴിയും നട്ടിന്നേരം



' ആലിമ് നില്പൂ – ഞാനെൻ
ജാലകം തുറന്നിട്ടു
മൂളുകയായി വീണ്ടും
പുത്തനാമൊരു ഗാനം.

നാണത്തിൻ മഷി കോലും
കടക്കണ്ണെൻ നേർക്കെയ്താൾ
ഞാനതു കണ്ടെന്നോർത്തു
തല കുമ്പിട്ടാളോമൽ.

തലയിൽപ്പിടിച്ചിട്ടാൾ
തട്ടനന്നേരം പൊട്ടി –
ച്ചിരിക്കും മഴവില്ലു
വിരിഞ്ഞു കൈത്തണ്ട മേൽ.

ചൂളിപ്പോയവളെൻെറ
മുന്നിലാനീലക്കണ്ണിൽ
നാണവും രാഗോജ്ജ്വല –
ഭാവവും നിഴലിട്ടു.

' ആലിമ്‌ – യങ്ങേതിലെ
മധുരപ്പതിനേഴു–
കാരിയെക്കണ്ടാൽപ്പക്ഷേ
നോക്കി നിന്നേക്കാം നിങ്ങൾ.

ആ മിഴിക്കോണിൽ സ്വർഗ്ഗ–
ഭംഗികൾ വിരിഞ്ഞൊരാ
നാളുകളെന്നോർമ്മയിൽ
പൂത്തിരി കൊളുത്തുന്നു.

കണ്ണുകൾ പറയുന്ന
മൂകമാം കഥകളീ–
ത്താളുകൾ പകർത്തുമ്പോൾ
വാചാലമാനെങ്കിലും

ആ വികാരത്തിൻ തീവ്ര–
ഭാവമുൾക്കൊള്ളും സ്നേഹ
മൂകമാം നിമേഷമെ–
ങ്ങെവിടീ വാചാലത?

ധീരമാമപ്രേമത്തിൻ
മുള്ളുകൾ വിതറിയ
പാതയിലൂടെൻ മുഗ്ധ
ചേതന ചരിക്കുന്നു.

ആരൊക്കെയെതിർത്തില്ല
ആരൊക്കെയപവാദ–
ക്കൂരമ്പും തൊടുത്തന്നു
കോമരം തുള്ളീലോർത്താൽ.

' വകയുണ്ടെങ്കിൽണ്ടെണ്ണേ!
നാലുകാശിനെങ്കിലും
കടലും താണ്ടീട്ടാരു
വന്നുചേരുമീനാട്ടിൽ?

ചിന്തകളസ്ഥാനത്താ–
          ണെപ്പൊഴും വികാരങ്ങൾ
ഹൃത്തടം ഭരിക്കുന്ന
          യൗവനോൽസവത്തികൽ.

പാലൊളി നിലാവുമായ്
          പാതിര രമിക്കുന്ന
ശാരദ നിശീഥത്തിൽ
          ഞങ്ങളൊന്നിച്ചു വീണ്ടും.

ഫണവും വിടർത്തുനി–
          ന്നാടുകയായി നൂറു
വിഷനാവുമായ് ചുറ്റും
          പണവും പ്രതാപവും.

നാളുകൾ – മറക്കാത്ത
          നാളുകൾ, മധുവിധു
രാവുകൾ മറയാതെ
          നില്ക്കുകയല്ലേ മുന്നിൽ!

ഈനീണ്ട കണ്ണെള–
          ന്നവളെ സ്പർശിച്ചപ്പോൾ
ആക്കവിളികൽ രാഗ–
          ശോണിമ പരന്നപ്പോൾ

വിസ്മൃതിയികൽത്താണു–
          താണവളേതോ നവ്യ
നിർവൃതിയികൽത്തല
          ചായ്ച്ചുറങ്ങിയെൻ മാറിൽ.

✸ ✸

കണ്ണുനീർ തുളുമ്പുന്ന
          വാചാലമാകും നീണ്ട
കണ്ണുകൾ!– എല്ലാം മറ–
          ന്നീടുവാൻ കഴിഞ്ഞെങ്കിൽ!

വാനുരുമ്മീടും കൂറ്റൻ
മണിമാളികയ്ക്കസ്തി–
വാരത്തെയുറപ്പിക്കാൻ
' പൈലടി ' യാണെൻ തൊഴിൽ.

ഇരുമ്പും മനുഷ്യന്റെ
മാംസവും തമ്മിൽ പുത്തൻ
നഗരം പണിയുവാൻ
കൂട്ടിമുട്ടുന്നു വീണ്ടും.

കേറി ഞാനന്നും മേലേ–
യറ്റത്തു കൂടം പോണ
പോക്കിനെ നിയന്ത്രിച്ചു
നില്ക്കുകയാണെൻ ജോലി.

താഴെയാക്കോൺക്രീറ്റിട്ട
നിരത്തിൽക്കൂടിപ്പാഞ്ഞു
പോവുന്നു മനുഷ്യരും
വാഹന നിരകളും.

എന്തൊരൗന്നത്യം! താഴ–
ത്തെറുമ്പിൻ നിര പോലെ
സഞ്ചരിക്കുന്നു നീങ്ങി
നിരങ്ങും പരിഷ്കാരം.

കത്തുമീവെയ്ലത്തെന്റെ
നെറ്റിയിൽക്കൂടിജ്ജീവ–
രക്തബിന്ദുവാണിറ്റു
വീഴുന്നു വിയർപ്പായി.

ഇരുമ്പും മനുഷ്യന്റെ
പച്ചമാംസവും തമ്മിൽ
സമരം ചെയ്തീനാട്ടിൽ
കേരളം വളരുന്നു.

***

അകലത്തലയുന്ന
മിഴിയും, തളരുന്ന
മനവും, കരളിൽ
മുഗ്ധമാം പ്രതീക്ഷയും

ഒത്തുചേരവേ പൊള്ളും
വേനലു മറന്നു ഞാ–
നെത്തുകയായി ദൂരെ
സ്വപ്നമണ്ഡലങ്ങളിൽ.

പവിഴക്കതിർക്കുല
കാറ്റിലാഞ്ഞുലയുന്ന
വയൽവക്കിലൂടെ ഞാൻ
നടന്നു പതുക്കനെ.

തുടുക്കും സന്ധ്യാകാശ–
ത്തിൻെറ പൂകവിൾത്തട്ടിൽ
തുടിക്കും ചുണ്ടാൽ ചക്ര–
വാറങ്ങൾ ചുംബിക്കുന്നു.

' പെങ്ങളേ! വന്നു ചേട്ടൻ
നീ വളർന്നല്ലേ പെണ്ണേ!
കണ്ണുകൾ നാളെത്രയായ്
കൊതിപ്പൂ നിന്നെക്കാണാൻ.'

കിണറ്റിൻ കരയിൽ നി–
ന്നോടിയെന്നടുത്തെത്തി
അമ്മിണി– യവൾക്കെന്തൊ–
രുൽസാഹമായിപ്പോയി.

' നീ വന്നു ചേർന്നോ മോനേ? '
നിസ്സാരമച്ചോദ്യത്തിൽ
പാവനദിവ്യസ്നേഹ–
സാമ്രാജ്യമൊതുങ്ങുന്നു.

കണ്ടു ഞാനക്കണ്ണിൻെറ
ചുറ്റിലും കരിനിഴൽ
വെള്ളിനൂലിഴകളാ –
ത്തലയിൽ കൂടിപ്പോയി.

അമ്മ! – ഞാൻ വിതുമ്പുന്ന
കണ്ണുകൾ കൊണ്ടാരൂപം
പിന്നെയും കണ്ടു ...മുന്നോ –
ംാഞ്ഞുപോയെൻ കൈയുകൾ.
എങ്ങിനെ പിടി വിട്ടു
താഴോട്ടു പോന്നു ഞാൻ? എൻ
ചിന്തകൾ കുഴയുന്നു
വ്യക്തമല്ലൊന്നും മുന്നിൽ.

എല്ലുകൾ തകർന്നെൻെറ
ചോരവാർന്നൊലിച്ചിന്നീ
സ്ട്രെച്ചറിൽ കിടക്കുമ്പോൾ
കാണുന്നു ഞാനീ രംഗം.

കണ്ണീരും വാൽസല്യവും
വേലിയേറ്റീടും രണ്ടു
കണ്ണുകളെൻ വീട്ടിൻെറ
മുറ്റത്തു നില്ക്കുന്നില്ലേ?

വേദന വിതുമ്പീടും
രാഗമൂകമാം രണ്ടു
നീലനീൾമിഴികളെൻ
ചാരത്തു നില്ക്കുന്നില്ലെ?

നാലുകണ്ണുകൾ കോർത്തു
നില്ക്കുമീസ്നേഹത്തിൻെറ
ലോലമാം നൂലിൽത്തൂങ്ങി
നില്ക്കുകയാണെൻ ജീവൻ. ■ 1955

കേരള കൗമുദി വാർഷിക വിശേഷാൽപ്രതി